# തെന്മല ഗ്രാമപഞ്ചായത്ത് കാര്യാലയം

തെന്മല.പി.ഒ,കൊല്ലം ജില്ല,പിൻ-691 308,ഫോൺ നം.0475-2344526
email-thenmalagp@gmail.com

"ഭരണ ഭാഷാ മാതൃഭാഷ" 23/05/2024

**പ്രേഷകൻ**

സെക്രട്ടറി
തെന്മല ഗ്രാമപഞ്ചായത്ത്

**സ്വീകർത്താവ്**

ബഹു.ഇന്റേണൽ വിജിലൻസ് ഓഫീസർ
കൊല്ലം

**വിഷയം**: തെന്മല ഗ്രാമപഞ്ചായത്ത്-കെട്ടിട നിർമ്മാണ അനുമതി-സംബന്ധിച്ച്

തെന്മല ഗ്രാമപഞ്ചായത്തിൽ ശ്രീ.കെ.എം മോനച്ചൻ, കെ.എം മാത്യു, കെ.എം മാണി എന്നവർ 16.12.2022 ൽ SC2/6352/22 നമ്പർ പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ 04.01.2023 ന് അന്വേഷണ റിപ്പോർട്ടിനായി എൽ.എസ്.ജി.ഡി എഞ്ചിനീയർ വിഭാഗത്തിന് കൈമാറുകയും ടി അപേക്ഷ KPBR Rule No.22 (2) & (3) പ്രകാരം നിരസിക്കാവുന്നതാണെന്ന എഞ്ചിനീയർ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 03.02.2023 ൽ നിരസിച്ചു എന്ന് ടിയാന് അറിയിപ്പു നൽകുകയുണ്ടായി .

തുടർന്ന് 19.07.2023 ൽ SC2/ 6131/23 പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ 21/07/2023 ന് അന്വേഷണ റിപ്പോർട്ടിനായി എൽ.എസ്.ജി.ഡി എഞ്ചിനീയർ വിഭാഗത്തിന് കൈമാറുകയും ടി അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തിയ ശേഷം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണമെന്ന റിപ്പോർട്ട് എൽ.എസ്.ജി.ഡി എഞ്ചിനീയർ വിഭാഗം നൽകിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ടി പ്ലോട്ടിൽ നിറയെ പാറയാണെന്നും, സഞ്ചായരയോഗ്യമായ

വഴിയില്ലെന്നും ഒറ്റി കരാർ ഉടമ്പടിയിൽ 3966 $M^2$ ഉം പ്ലാനിൽ 2600 $M^2$ ഉം ആണ് ഏരിയ കാണിച്ചിരിക്കുന്നതെന്നും, സമർപ്പിച്ച പ്ലാൻ പ്രകാരം റോഡ് നിർമ്മിക്കുന്നതിനും പാർക്കിംഗ് സൌകര്യത്തിനും വേണ്ടി പാറ പൊട്ടിക്കേണ്ടതായും കാണാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 11/09/2023 ന് എൽ.എസ്.ജി.ഡി എഞ്ചിനീയർ റിപ്പോർട്ട് തന്നതിൻ പ്രകാരം 18/09/2023 ന് അപേക്ഷകന് ടി വിവരം കാണിച്ച് കത്ത് നൽകിയിട്ടുള്ളതുമാണ്.

തുടർന്ന് പ്ലാനിൽ വ്യത്യാസം വരുത്തി 6 മാസത്തിനുശേഷം 04/03/2024 ൽ SC2/2127/24 ഫയൽ പ്രകാരം വീണ്ടും ഫ്രണ്ട് ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ 06/03/2023 ന് അന്വേഷണ റിപ്പോർട്ടിനായി എൽ.എസ്.ജി.ഡി എഞ്ചിനീയർ വിഭാഗത്തിന് കൈമാറുകയും ടി ഫയലിൽ റീസർവ്വേ സ്കെച്ച്, ഡിസേബിൾഡ് പാർക്കിംഗ്, ലെവൽ വ്യത്യാസം എന്നീ അപകാതകൾ ഉള്ളതായി വീണ്ടും എൽ.എസ്.ജി.ഡി എഞ്ചിനീയർ വിഭാഗം റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 19.03.2024 -ൽ സെക്രട്ടറി അപേക്ഷന് അപാകതകൾ കാണിച്ച് കത്ത് നൽകുകയും ചെയ്തു.പിന്നീട് 29.03.2024 ന് ടി അപാകതകൾ പരിഹരിച്ച് അപേക്ഷകന് ഫയൽ വീണ്ടും സമർപ്പിക്കുകയുണ്ടായി. പുനർസമർപ്പിച്ച ടി അപേക്ഷ 01/04/2024ന് ജിയോളജി വകുപ്പിൽ നിന്നും NOC വാങ്ങണമെന്നുള്ള എഞ്ചിനീയർ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 05/04/2024 ന് കത്ത് നൽകുകയും ചെയ്തു .ടി കത്ത് പ്രകാരം അപേക്ഷകൻ 12/042024 ന് ജിയോളജി വകുപ്പിൽ നിന്നുമുള്ള മറുപടി ലഭ്യമാക്കുകയും ചെയ്തു. ഈ ലഭ്യമായ മറുപടി ഉൾപ്പെടെ ഫയൽ എഞ്ചിനീയർ വിഭാഗത്തിന് നൽകുകയും 15/04/2024 ന് പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന റിപ്പോർട്ട് നൽകുകയുമുണ്ടായി. എന്നാൽ 26/03/2024 മുതൽ ഇലക്ഷൻ ഡ്യൂട്ടിക്കായി സെക്രട്ടറി റിലീവായി പോകുകയും അസി.സെക്രട്ടറിയ്ക്ക് ചാർജ്ജ് നൽകിയിട്ടുള്ളതുമായിരുന്നു. കൂടാതെ അസി.സെക്രട്ടറി സെക്ടറൽ ഓഫീസറുടെ ചുമതല വഹിച്ചിരുന്നു. 16/05/2024 മുതൽ ഇലക്ഷൻ ട്രെനിംഗുകളും, ബൂത്ത് പരിശോധനകളും തുടങ്ങിയവ നിർവഹിച്ചു വന്നതിനാൽ 26/04/2024 ന് ഇലക്ഷൻ കഴിഞ്ഞ് സെക്രട്ടറി തിരികെ ചാർജ്ജ് എടുത്തശേഷം ടിയാന് പെർമിറ്റ് അനുവദിക്കുന്നതിന് ഫീസ് അടവാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും. ടിയാൻ തുക ഒടുക്കുവരുത്തിയശേഷം 07/05/2024 ന് പെർമിറ്റ് നൽകിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

ടി അപേക്ഷയിൽ ധാരാളം അപാകതകൾ ഉള്ളതിനാൽ പല പ്രാവശ്യം അപേക്ഷ മടക്കേണ്ടിവന്നതിനാലും അപാകത പരിഹരിച്ച് അപേക്ഷ തിരികെ സമർപ്പിച്ചതിലുള്ള താമസം മേൽ സൂചിപ്പിച്ച പ്രകാരം ആയതിനാലും മാത്രമാണ് പെർമിറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടായതെന്നുമുള്ള വിവരം അങ്ങയുടെ അറിവിലേയ്ക്ക് സമർപ്പിക്കുന്നു

OFFICE OF THE THENMALA GRAMA PANCHAYAT
Thenmala P.O.
Pin- 691303

വിശ്വസ്തതയോടെ

LATHA L .G
ASSISTANT SECRETARY
PEN : 583796
THENMALA GRAMA PANCHAYAT
THENMALA P.O., KOLLAM - DIST
PIN : 691308 PH : 0475 2344526

ഉള്ളടക്കം- 1. LSGD അസി.എഞ്ചിനീയറുടെ റിപ്പോർട്ട്

ശ്രീ. K.M മോനച്ചൻ, K.M മാത്യു, K.M മാണി എന്നിവർ ചേർന്ന് തൈല പഞ്ചായത്തിൽ നൽകിയ ബിൽഡിംഗ് നിർമ്മാണത്തിന്റെ അന്വേഷണ റിപ്പോർട്ട്.

---

16-12-2022-ൽ മേൽ അപേക്ഷകർ 6352/22 നമ്പർ ഫയൽ പ്രകാരം പഞ്ചായത്തിൽ അപേക്ഷ നൽകുകയും, 4-1-2023ൽ പഞ്ചായത്തിൽ നിന്നും ടി ഫയൽ ILGMS മുഖാന്തിരം എൻജിനീയറിംഗ് വിഭാഗത്തിൽ റിപ്പോർട്ടിനായി അയക്കുന്ന- ആയത് ഓവർസിയർ സ്ഥല പരിശോധന നടത്തി KPBR Rule No 22(2) & (3) പ്രകാരം അപേക്ഷ നിരസിക്കുന്നതിന് ശുപാർശ ചെയ്ത 12-1-2023ൽ സെക്ഷൻ ക്ലാർക്കിന് ഫയൽ കൈമാറുകയും 3-2-2023-ൽ അപേക്ഷ നിരസിച്ച് കത്ത് നൽകിയിരുന്നതുമാണ്.

വീണ്ടും 5 മാസത്തിന് ശേഷം 19-7-2023-ൽ SC2/6131/23 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് സെക്ഷൻ ക്ലാർക്ക് 21-7-2023-ൽ ഓവർസിയർക്ക് കൈമാറുകയും ഓവർസിയർ 25-7-23-ൽ ടി ഫയൽ അസി. എൻജിനീയറായ എനിയ്ക്ക് കൈമാറുകയും ചെയ്തിരുന്നതാണ്. സ്ഥല പരിശോധന നടത്തിയ ശേഷം ജോയിന്റ് ഇൻസ്പെക്ഷൻ വേണമെന്ന റിപ്പോർട്ട് 4-8-23 ന് സെക്ഷനിലേക്ക് നൽകിയിരുന്നതുമാണ്. ആയത് പ്രകാരം സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, [illegible], ഓവർസിയർ എന്നിവർ ചേർന്ന് സ്ഥലപരിശോധന നടത്തുകയും പ്ലോട്ടിൽ മുഴുവൻ പാറയാണെന്നും ടി പ്ലോട്ടിലേക്ക് സഞ്ചാരയോഗ്യമായ വഴിയില്ലെന്നും കൂടാതെ

ഒറ്റി കരാർ ഉടമ്പടിയിൽ 3966 m² ഉം പ്ലാനിൽ 2600 m² ആണ് പ്ലോട്ട് ഏരിയ കാണിച്ചിരിക്കുന്നതും സമർപ്പിച്ച പ്ലാൻ പ്രകാരം റോഡ് നിർമ്മിക്കുന്നതിനും പാർക്കിംഗ് സൗകര്യത്തിനും വേണ്ടി പാറ പൊട്ടിക്കേണ്ടതായും കാണുന്നു. ആയത് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും കണ്ടെത്തുകയും ടി റിപ്പോർട്ട് 11-9-2023 ന് സെക്ഷനിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18-9-2023-ൽ 400302/BPR201/GP/2023/6131(1) നമ്പർ പ്രകാരം സെക്രട്ടറി അപേക്ഷകന് കത്ത് നൽകിയിരുന്നു.

വീണ്ടും 6 മാസത്തിന് ശേഷം 4-3-2024-ൽ ~~4-3-2024-ൽ~~ SC2/2127/24 ഫയൽ പ്രകാരം പ്ലാനിൽ മാറ്റം വരുത്തി അപേക്ഷ സമർപ്പിക്കുകയും 6-3-2024. സെക്ഷനിൽ നിന്നും ഫയൽ ഓവർസിയർക്ക് ലഭിക്കുകയും ~~ടി~~ റീസർവ്വേ സ്കെച്ച്, വിസിറ്റേഴ്സ് പാർക്കിംഗ്, ലെവൽ വ്യത്യാസം എന്നീ അപാകതകൾ രേഖപ്പെടുത്തി ഓവർസിയർ റിപ്പോർട്ട് സമർപ്പിക്കുകയും 19-3-2024-ൽ സെക്രട്ടറി അപാകതകൾ രേഖപ്പെടുത്തി കത്ത് നൽകിയിരുന്നു. അപാകതകൾ പരിഹരിച്ച് 29-3-24 ന് ഫയൽ നൽകുകയും 1-4-2024 ന് ഓവർസിയർ റിപ്പോർട്ട് AE യ്ക്ക് സമർപ്പിക്കുകയും ജിയോളജി വകുപ്പിൽ നിന്നുള്ള N.O.C യോട് കൂടി പെർമിറ്റ് അനുവദിക്കുന്നതിന് ശുപാർശ ചെയ്തിരുന്നതാണ്. ആയത് പ്രകാരം 5-4-2024 ന് സെക്രട്ടറി അപേക്ഷകന് കത്ത് നൽകിയിരുന്നു. 12-4-2024 ന് ടിയാൻ കത്തിന് മറുപടിയും

ആയത് റിപ്പോർട്ടിനായി തിരിച്ച് നൽകുകയും 15-4-2024-ൽ റിപ്പോർട്ട് നൽകുകയും ആയത് പ്രകാരം 7-5-2024-ന് പെർമിറ്റ് അനുവദിച്ച് ഫയൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

12-12-2023-ൽ പരാതിക്കാരനായ ശ്രീ സജയകുമാർ ഈ ഓഫീസിൽ വന്ന് അസഭ്യം പറയുകയും ഓവർസിയറോട് വധഭീഷണി മുഴക്കുകയും ആയത് പ്രകാരം തെന്മല പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ടിയാനെ വിളിച്ചു വരുത്തുകയും. ടിയാൻ ക്ഷമാപണം നടത്തുകയും മേലാൽ ടി വിധം നടപടികൾ ഉണ്ടാകില്ലെന്ന് തെന്മല സ്റ്റേഷനിൽ എഴുതി ഒപ്പ് വയ്ക്കുന്നതുമാണ്.

അപേക്ഷകൾ സമർപ്പിച്ച ഒന്ന് അപേക്ഷകളും 2 മാസത്തിനുള്ളിൽ തന്നെ തീർപ്പാക്കിയിട്ടുള്ളതാണ് ആയത് ഫയലുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ് ഫയലിൽ യാതൊരുവിധ കാലതാമസവും വന്നിട്ടില്ലാത്തതാണ്. ടി വിവരങ്ങൾ മേൽ നടപടികൾക്കായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

തെന്മല
23-5-2024.

Binilkumar V.

Assistant Engineer
L.S G D Section
Thenmala Grama Panchayath